## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4851. 19.05.2017 -ലെ മറുപടിക്ക്.

## ആം ആദ്മി ബീമ യോജന

ചോദ്യം
**ശ്രീ.വി.കെ.സി.മമ്മത് കോയ**
**ശ്രീ .കെ.കുഞ്ഞിരാമൻ**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**
**ശ്രീ. വി.അബ്ദുറഹിമാൻ:**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ഭൂരഹിതർക്ക ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ആം ആദ്മി ബീമാ യോജന (എ.എ.ബി.വൈ) നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യപ്പെടുന്ന വ്യക്തിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (ബി) ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യപ്പെടുന്ന അംഗങ്ങളുടെ സ്വാഭാവിക മരണത്തിനു 30,000/- രൂപയും, അപകട മരണത്തിന് 75,000/-രൂപയും, പൂർണ്ണ വൈകല്യത്തിന് 75,000/- രൂപയും അർദ്ധവൈകല്യത്തിന് 37,500/- രൂപയും നൽകുന്നു. മാത്രമല്ല അംഗങ്ങളുടെ ഒൻപത് മുതൽ 12 -ാം തരം വരെ ക്ലാസുകളിൽ പഠിക്കുന്ന (ഐ.ടി.ഐ ഉൾപ്പെടെ) പരമാവധി 2 കുട്ടികൾക്ക് 100 രൂപ വീതം മാസം സ്കോളർഷിപ്പ് നൽകിവരുന്നു. |
| (സി) ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ; | (സി) കേന്ദ്ര സംസ്ഥാന വിഹിതം 50:50 അനുപാതത്തിലാണ്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി എത്ര പേരെ ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നതെന്നും അർഹരായവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തിലെ അർഹരായ എല്ലാ വിഭാഗങ്ങളെയും ആബി പദ്ധതിയിൽ അംഗങ്ങളാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി വർഷം തോറും അക്ഷയ കേന്ദ്രങ്ങൾ വഴി രജിസ്ട്രേഷൻ നടപടികൾ നടത്തുകയും പത്ര.ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ പരമാവധി ജനങ്ങൾക്ക് ആബി പദ്ധതിയെ കുറിച്ചുള്ള അറിയിപ്പുകൾ നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ